**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1655** **11-10-2024 - ൽ മറുപടിയ്ക്ക്**

**വി.എഫ്.പി.സി.കെ.യുടെ സാമ്പത്തിക പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2011- 16 കാലഘട്ടത്തിൽ വി.എഫ്.പി.സി.കെ. യ്ക്ക് (വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം) സർക്കാരിൽ നിന്നും ശമ്പളം ഉൾപ്പെടെയുള്ള ആവശ്യത്തിന് നോൺ പ്ലാൻ ഫണ്ട് ലഭിക്കുകയും ജീവനക്കാരെ നാഷണൽ പെൻഷൻ സ്കീം (എൻ.പി.എസ്.) പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തുവെങ്കിലും നിലവിലെ സർക്കാർ നോൺ പ്ലാൻ ഫണ്ട് വഴി ലഭിച്ചിരുന്ന ശമ്പളവും എൻ.പി.എസ്. പദ്ധതിയും അട്ടിമറിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>2011-12 മുതൽ 2024-25 വരെ കൗൺസിലിന് സർക്കാരിൽ നിന്നും ലഭ്യമായ നോൺപ്ലാൻ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം | വർഷം | ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ) | ലഭ്യമായ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2011-12 | 5 | 5 |
| 2 | 2012-13 | 5.5 | 5.5 |
| 3 | 2013-14 | 25 | 25 |
| 4 | 2014-15 | 28.64 | 28.64 |
| 5 | 2015-16 | 31.06 | 31.06 |
| 6 | 2016-17 | 35.35 | 35.35 |
| 7 | 2017-18 | 40.24 | 40.24 |
| 8 | 2018-19 | 42.24 | 42.24 |
| 9 | 2019-20 | 34.68 | 34.68 |
| 10 | 2020-21 | 41.21 | 41.21 |
| 11 | 2021-22 | 41.21 | 41.21 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>12</td><td>2022-23</td><td>41.21</td><td>25</td></tr>
<tr><td>13</td><td>2023-24</td><td>41.85</td><td>31.3875</td></tr>
<tr><td>14</td><td>2024-25</td><td>42.67</td><td>-</td></tr>
</table>
01.07.2014 മുതൽ കൗൺസിൽ നടപ്പിലാക്കിയിരുന്ന എൻ.പി.എസ് പദ്ധതി 28.10.2019 മുതൽ നിർത്തലാക്കിയിട്ടുണ്ട്. നിലവിൽ VFPCK EPF പദ്ധതിയുടെ പരിധിയിൽ ആണ്.
</td>
</tr>
<tr>
<td>(ബി)</td>
<td>സംസ്ഥാന സർക്കാർ കർഷകർക്കായി വി.എഫ്.പി.സി.കെ. വഴി അനുവദിക്കുന്ന പദ്ധതി വിഹിതം വെട്ടിക്കുറച്ചത് കർഷകരെ പ്രതികൂലമായി ബാധിച്ചിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;</td>
<td>(ബി)</td>
<td>
സംസ്ഥാന സർക്കാർ വി.എഫ്.പി.സി.കെ വഴി അനുവദിക്കുന്ന പദ്ധതി വിഹിതം കുറച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം</th><th>വർഷം</th><th>ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ)</th><th>ലഭ്യമായ തുക (ലക്ഷത്തിൽ)</th></tr>
<tr><td>1</td><td>2011-12</td><td>885</td><td>885</td></tr>
<tr><td>2</td><td>2012-13</td><td>2118.66</td><td>2118.66</td></tr>
<tr><td>3</td><td>2013-14</td><td>1466.9</td><td>1466.9</td></tr>
<tr><td>4</td><td>2014-15</td><td>1838.75</td><td>1838.75</td></tr>
<tr><td>5</td><td>2015-16</td><td>1750</td><td>1750</td></tr>
<tr><td>6</td><td>2016-17</td><td>1685.91</td><td>1685.91</td></tr>
<tr><td>7</td><td>2017-18</td><td>1937</td><td>1937</td></tr>
<tr><td>8</td><td>2018-19</td><td>2364.09</td><td>2364.09</td></tr>
<tr><td>9</td><td>2019-20</td><td>1060</td><td>1060</td></tr>
<tr><td>10</td><td>2020-21</td><td>2424.47</td><td>2424.47</td></tr>
<tr><td>11</td><td>2021-22</td><td>1722.5</td><td>1722.5</td></tr>
<tr><td>12</td><td>2022-23</td><td>2625</td><td>1697</td></tr>
<tr><td>13</td><td>2023-24</td><td>3000</td><td>2073</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | <table><tr><td>14</td><td>2024-25</td><td>3500</td><td>550</td></tr></table><br>എന്നാൽ ബഡ്ജറ്റ് സീലിംഗ് നിശ്ചയിച്ചിരിക്കുന്നത് കാരണം 2023-24 സാമ്പത്തിക വർഷത്തെ കർഷകർക്കുള്ള ധനസഹായം മുഴുവൻ നൽകാൻ സാധിച്ചിട്ടില്ല. മേൽ തുക 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും വിവിധ പദ്ധതി സഹായങ്ങൾ ലഭ്യമാക്കുവാൻ ശ്രമിക്കുന്നതാണ്. |
| (സി) | കൗൺസിലിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും ജീവനക്കാരുടെ ശമ്പളം മുടങ്ങുന്നതുമായ അവസ്ഥയ്ക്ക് പരിഹാരം കാണാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (സി) | VFPCK യുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് കൗൺസിലിന്റെ വിവിധ യൂണിറ്റുകളായ കൃഷി ബിസിനസ്സ് കേന്ദ്രകൾ, വിത്ത് സംസ്കരണ യൂണിറ്റ്, പ്ലഗ്ഗ് നേഴ്സറി തുടങ്ങിയവയുടെ പ്രവർത്തനം ശക്തിപ്പെടുത്തി വരുന്നു. കൂടുതൽ കൃഷി ബിസിനസ്സ് കേന്ദ്രകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. കോഴിക്കോട്, പത്തനംതിട്ട ജില്ലകളിൽ ഈ സാമ്പത്തിക വർഷം കൃഷി ബിസിനസ്സ് കേന്ദ്രകൾ ആരംഭിക്കുന്നതാണ്. കൂടാതെ, കൃത്യതാ കൃഷി, എഫ്.പി.ഒ രൂപീകരണം, കൊപ്ര സംഭരണം തുടങ്ങിയ പദ്ധതികൾ കൗൺസിൽ നേരിട്ട് നടപ്പിലാക്കുന്നതും ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകരമാണ്. സംസ്ഥാന സർക്കാർ പദ്ധതികൾക്ക് ആവശ്യമായ പച്ചക്കറി വിത്തുകളും തൈകളും വി.എഫ്.പി.സി.കെ മുഖേന നൽകുന്നതിന് കൃഷി വകുപ്പ് / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചു വരുന്നു. ഗുണമേന്മയുള്ള വളം, മറ്റ് ഉൽപാദനോപാധികൾ എന്നിവ ഉൽപാദകരിൽ നിന്നും നേരിട്ട് കർഷകർക്ക് ലഭ്യമാക്കുന്നതിന് ഇൻപുട്ട് സെന്ററുകൾ ആരംഭിക്കുന്നതിനും പദ്ധതിയുണ്ട്. മേൽ പദ്ധതി കർഷകർക്കും കൗൺസിലിന്റെ ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കുന്നതിനും ഒരുപോലെ ഗുണകരമാണ്. |
| (ഡി) | പുതുതായി രൂപീകരിക്കുന്ന കേരള അഗ്രിബിസിനസ്സ് കമ്പനിക്ക് വി.എഫ്.പി.സി.കെ.യുടെ റിവോൾവിംഗ് ട്രസ്റ്റ് ഫണ്ട് ചെലവഴിക്കാൻ കൗൺസിലിന്റെ ബോർഡ് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കൗൺസിലിന്റെ 06.08.2024 ന് കൂടിയ 98-മത് ബോർഡ് യോഗം കാബ്കോ അഗ്രി ടവർ പദ്ധതിയിൽ വി.എഫ്.പി.സി.കെ യ്ക്ക് ആവശ്യമായ സ്ഥലത്തിന് ആനുപാതികമായ തുക കെട്ടിട നിർമ്മാണത്തിന് നൽകുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ട്രസ്റ്റ് ബോർഡിന്റെ കൂടി അനുമതിയോടെ അനുവാദം നൽകാൻ നിശ്ചയിച്ചു. |
| (ഇ) | കേരള അഗ്രിബിസിനസ്സ് കമ്പനി ആസ്ഥാന മന്ദിരം പണിയുന്നതിന് മറ്റു കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതായിട്ടുണ്ടോ; വിശദമാക്കാമോ; | (ഇ) | ഇല്ല. |
| (എഫ്) | വി.എഫ്.പി.സി.കെ. റിവോൾവിംഗ് ഫണ്ട് ദുരുപയോഗം ചെയ്യുന്നത് | (എഫ്) | വി.എഫ്.പി.സി.കെ റിവോൾവിംഗ് ഫണ്ട് ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | അവസാനിപ്പിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ